# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1834 25.03.2013-ൽ മറുപടിയ്ക്ക്

**<u>പൊതു സ്ഥലങ്ങളിലെ മരം മുറിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പൊതു സ്ഥലങ്ങളിലെ മരം മുറിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ; | എ) പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതിന് അനുമതി നൽകുന്നത് അതാത് ജില്ലയിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ആണ്. അപേക്ഷ ലഭ്യമായാൽ ടി മരം ജില്ലയിലെ 'ട്രീ കമ്മിറ്റി' പരിശോധിക്കുകയും മുറിക്കേണ്ട താണെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ ടി മരം മുറിക്കുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) അനുമതി നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട മരത്തിന്റെ വില നിശ്ചയിക്കുകയും ആ തുക സർക്കാരിൽ അടയ്ക്കേണ്ടതുമാണ്. കൂടാതെ ഒരു മരം മുറിക്കുമ്പോൾ അതിനുപകരം പത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കേണ്ടതുമാണ്. |
| ബി) പൊതു സ്ഥലങ്ങളിലെ മരം അനധികൃതമായി മുറിക്കുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ജില്ലാതല 'ട്രീ കമ്മിറ്റികൾ' ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തനക്ഷമമാണോ ; അല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ബി) ഇപ്പോൾ ജില്ലാതല ട്രീ കമ്മിറ്റികൾ നിലവിലുള്ളതും ആയത് പ്രവർത്തനക്ഷമവുമാണ്. |

സെക്ഷൻ ഓഫീസർ